**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6160** **09-11-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ ബില്ലുകളിലെ പിഴവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർമാരുടെ പിഴവ് കാരണം ഉപഭോക്താക്കൾക്ക് അമിതമായ ബില്ലുകൾ നൽകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാട്ടർ മീറ്ററുകളിൽ ചില സമയങ്ങളിൽ ജല ബാഷ്പം തങ്ങി നിൽക്കുന്നത് മൂലം, റീഡിംഗ് അവ്യക്തമാകുന്ന സാഹചര്യത്തിൽ അപൂർവ്വമായി ബില്ലിംങ്ങിൽ തെറ്റുകൾ സംഭവിക്കാറുണ്ട്. ഇത്തരം തെറ്റുകൾ ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ തെറ്റുകൾ തിരുത്തി ബിൽ പുനഃക്രമീകരിച്ച് പരിഹരിക്കാറുമുണ്ട്. |
| (ബി) | തെറ്റായ വാട്ടർ ബില്ലുകൾ തയ്യാറാക്കിയവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | ബില്ലിംഗിൽ പിഴവ് വരുത്തുന്ന മീറ്റർ റീഡർമാരോട് രേഖാമൂലം വിശദീകരണം ആവശ്യപ്പെടുകയും മേലിൽ അത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. |
| (സി) | ബിൽ കുടിശ്ശിക ഉള്ളവർക്ക് അവ തീർക്കാൻ സാവകാശം നൽകുമോ; വിശദമാക്കുമോ? | (സി) | ബിൽ കുടിശ്ശിക തുക ഒരുമിച്ച് അടയ്ക്കാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾക്ക് ആവശ്യപ്പെടുന്ന പക്ഷം തുക തവണകളാക്കി അടക്കുവാൻ അവസരം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ